പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4804

05-02-2014 ൽ മറുപടിക്ക്

**കോൾ കർഷകരുടെ പ്രശ്നങ്ങൾ--മന്ത്രിതല യോഗതീരുമാനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ കോൾ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 7-12-2011-ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) ഉൽപാദന ബോണസ് ഹെക്ടറിന് 1000/- രൂപയായും പമ്പിംഗ് സബ്സിഡി ഹെക്ടറിന് 750/- രൂപയായും വർദ്ധിപ്പിക്കുന്നതിനും രാജമുട്ടുപടവിൽ 100 കെ.വി ട്രാൻസ്ഫോർമർ കൃഷി വകുപ്പിന്റെ ചെലവിൽ സ്ഥാപിക്കുവാനും, തൃശ്ശൂർ കോളിന്റെ ഒന്നാംഘട്ട വികസനത്തിനായി ഭൂമി ഏറ്റെടുത്ത വകയിൽ കർഷകർക്ക് കിട്ടുവാനുള്ള ഭൂമിയുടെ വില സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ തൃശ്ശൂർ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുവാനും തീരുമാനിക്കുകയുണ്ടായി. |
| (ബി) പ്രധാനപ്പെട്ട തീരുമാനങ്ങൾ ഏതെല്ലാം ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ? | (ബി) പമ്പിംഗ് സബ്സിഡി ഹെക്ടറിന് 750/- രൂപയായും ഉൽപാദന ബോണസ് ഹെക്ടറിന് 1000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. രാജമുട്ടു കോൾപടവിൽ 100 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിച്ച് 22-6-2013 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ